(ബി) പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചില ജാതി/സാമുദായിക സംഘടനകൾ അപേക്ഷ സമർപ്പിച്ചിരുന്നു.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പി.എസ്.സി. ചെയർമാനും അംഗങ്ങളും യാത്രക്കൂലിയിനത്തിൽ വരുത്തിയ വർദ്ധനവ്

4 (3635) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. ചെയർമാനും അംഗങ്ങളും യാത്രക്കൂലിയിനത്തിൽ വൻവർദ്ധനവു വരുത്തി സ്വയം പുതുക്കി തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടുവോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) മുഖ്യമന്ത്രിയുടെയോ, ധനകാര്യ വകുപ്പിന്റെയോ അനുമതി വാങ്ങാതെ എത്ര തുക യാത്രക്കൂലിയിനത്തിൽ പുതുക്കി നിശ്ചയിച്ചു ; നിലവിൽ പി.എസ്.സി. ചെയർമാനും അംഗങ്ങൾക്കും യാത്രക്കൂലി കിലോമീറ്ററിന് എത്ര രൂപയായിരുന്നു; ആയത് എത്രകണ്ട് വർദ്ധിപ്പിച്ചു ; നിലവിലെ നിരക്കിൽനിന്നും എത്ര ശതമാനം കൂടുതൽ വർദ്ധനവ് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം യാത്രക്കൂലിയിനത്തിൽ വരുത്തിയ വൻവർദ്ധനവു കൈപ്പറ്റുവാൻ ഇവർ അക്കൗണ്ടന്റ് ജനറലിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സാമ്പത്തികപ്രതിസന്ധി രൂക്ഷമായ ഈ സമയത്ത് യാത്രക്കൂലിയിനത്തിൽ നിലവിലെ തുകയേക്കാൾ വൻവർദ്ധനവു വരുത്തിയ ഇവരുടെ ഈ നടപടി ശരിയാണോയെന്ന് പരിശോധിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) പി.എസ്.സി. ചെയർമാൻമാർപ്പെടെ നിലവിലെ അംഗങ്ങൾ യാത്രക്കൂലിയിനത്തിൽ നാളിതുവരെ കൈപ്പറ്റിയ ആകെ തുക എത്ര ; ഇവർ ഓരോരുത്തരും വർഷാവർഷം നാളിതുവരെ വാങ്ങിയ യാത്രക്കൂലിത്തുക എത്രയെന്ന തരംതിരിച്ചു വ്യക്തമാക്കുമോ ;

(എഫ്) മുഖ്യമന്ത്രി, ധനകാര്യ വകുപ്പ്, അക്കൗണ്ടന്റ് ജനറൽ തുടങ്ങിയവരുടെ അനുമതിയോ, കത്തിടപാടുകളോ നടത്താതെ പി.എസ്.സി. ചെയർമാൻമാർപ്പെടെയുള്ള അംഗങ്ങളുടെ യാത്രക്കൂലി സ്വയം പുതുക്കിനിശ്ചയിച്ച് വൻവർദ്ധനവു വരുത്തിയ നടപടി റദ്ദുചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഷയത്തിന്മേൽ പി.എസ്.സി.-യുടെ അഭിപ്രായം ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പി.എസ്.സി.-യോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) പി.എസ്.സി.-യിൽനിന്ന് വിശദീകരണം ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം

5 (3636) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ഡി. ക്ലാർക്ക് തസ്തികകളിൽ സൂപ്പർ ന്യൂമററി നിയമനങ്ങൾ നടത്തിയതു കാരണം പി.എസ്.സി.-യുടെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതു പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2015 ഏപ്രിൽ, മേയ് മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും 2014 ഡിസംബർ 31-ന് മുൻപ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

പുതിയ അനക്സ് കെട്ടിടത്തിന്റെ പണി

6 (3637) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിനു വേണ്ടി പണിയുന്ന പുതിയ അനക്സ് കെട്ടിടത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly